**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2461 11.10.2011- ൽ മറുപടിക്ക്**

**ചങ്ങംങ്കരിയിലെ തൂക്കുപാലത്തിന്റെ നിർമ്മാണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | കുട്ടനാട്ടിലെ എടത്വാ പഞ്ചായത്തിലെ ചങ്ങംങ്കരിയിൽ അനുവദിച്ച തൂക്കുപാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | കുട്ടനാട്ടിലെ എടത്വാ പഞ്ചായത്തിലെ ചങ്ങംങ്കരിയിൽ അനുവദിച്ച തൂക്കുപാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് കെൽ എന്ന സ്ഥാപനവുമായി കരാറിൽ ഒപ്പു വച്ചിരുന്നു. എന്നാൽ നിലവിലുള്ള രീതിയിൽ പാലം പണിയുന്നതിന് ആവശ്യമായ റവന്യൂ ഭൂമി ലഭ്യമാകാത്തതിനാലും ഇതിന് പറ്റിയ സ്വകാര്യ ഭൂമി ലഭിക്കാത്തതിനാലും സമീപത്തുള്ള റോഡിന് തടസ്സം വരാതെ പുതിയ രീതിയിൽ ടി പാലം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായും ഇതിന് സമാന്തരമായി പാലത്തിന്റെ സ്റ്റീൽ സ്ട്രക്ചർ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കെൽ ഏറ്റെടുത്ത തൂക്കുപാലത്തിന്റെ നിർമ്മാണം ആരംഭിച്ചുവോയെന്നും എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ? | (ബി) | ടി തൂക്കു പാലത്തിന്റെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞതായും 2011 നവംബർ മാസത്തോടെ പാലത്തിന്റെ പണി പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ